**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായ ശ്രീ. എം.പി. അജിത്ത് കുമാറിനെ വിജിലൻസ് ഓഫീസറായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2896/2017/തസ്വഭവ — തീയതി, തിരുവനന്തപുരം. 23.08.2017

പരാമർശം: 1. സ.ഉ.(പി) നം.34/2017/വിജി. തീയതി 11.06.1997

2. പഞ്ചായത്ത് ഡയറക്ടറുടെ 18.07.2017-ലെ ഡി5-33672/2013 നമ്പർ കത്ത്

**ഉത്തരവ്**

വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കുന്നതിനും പരാമർശം (1) ഉത്തരവ് പ്രകാരം നിർദേശമുണ്ടായിരുന്നു. പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായ ശ്രീ. എം. പി. അജിത്ത് കുമാറിനെ വിജിലൻസ് ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പഞ്ചായത്ത് വകുപ്പിൽ അഡീഷണൽ ഡയറക്ടറായ ശ്രീ. എം. പി. അജിത്ത് കുമാറിനെ പഞ്ചായത്ത് വകുപ്പിൽ വിജിലൻസ് ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. എം.പി. അജിത്ത് കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള. തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
5. തദ്ദേശ സ്വയംഭരണ (പിഎസ്) വകുപ്പ്
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ